# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 5952** | **04.11.2016 ൽ മറുപടിയ്ക്ക്**

## സർക്കാർ ഏറ്റെടുത്ത മാനേജ്മെന്റ് സ്കൂളുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ഉണ്ണി | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) നഷ്ടത്തിലാണെന്ന് പറഞ്ഞ് മാനേജ്മെന്റുകൾ നിറുത്തലാക്കാൻ ശ്രമിച്ച ഏതെല്ലാം സ്കൂളുകളാണ് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏറ്റെടുത്തത്; വിശദാംശം ലഭ്യമാക്കുമോ; | (എ) മലാപ്പറമ്പ് എ.യു.പി. സ്കൂൾ, കോഴിക്കോട്, പാലാട്ട് എ.യു.പി. സ്കൂൾ, കോഴിക്കോട്, മങ്ങാട്ടുമുറി എ.എം.എൽ.പി. സ്കൂൾ, മലപ്പുറം, കിരാലൂർ പി.എം. എൽ.പി. സ്കൂൾ, തൃശ്ശൂർ എന്നീ സ്കൂളുകൾ സർക്കാർ ഏറ്റെടുക്കുന്നതിനുള്ള വിജ്ഞാപനം 27.07.2016 - ലെ സ.ഉ. (പി) നം. 122/16/പൊ.വി.വ. സർക്കാർ ഉത്തരവു പ്രകാരം 1332 - ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. 509/16 നമ്പരായി പ്രസിദ്ധീകരിക്കുകയും നഷ്ട പരിഹാരം തീരുമാനിച്ച് ഉറപ്പിക്കുന്ന തീയതി മുതൽ മേൽ സ്കൂളുകൾ പൂർണ്ണമായും സർക്കാരിൽ നിക്ഷിപ്തമായിരിക്കുമെന്ന് പ്രസ്തുത വിജ്ഞാപനം ഭേദഗതി ചെയ്ത് 03.8.16 - ലെ സ.ഉ. (പി) നം. 132/16/പൊ.വി.വ സർക്കാർ ഉത്തരവു പ്രകാരം 1383-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. 524/16 നമ്പരായി പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) 01.01.2011 മുതൽ 31.03.2016 വരെയുള്ള കാലയളവിൽ എത്ര മാനേജ്മെന്റ് സ്കൂളുകൾ സർക്കാർ ഏറ്റെടുത്തുവെന്ന വിശദാംശം നൽകുമോ; മാനേജ്മെന്റ് സ്കൂളുകൾ സർക്കാർ ഏറ്റെടുക്കുന്നതിന്റെ നടപടിക്രമം വ്യക്തമാക്കുമോ? | (ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ